ഉത്തരം

(എ) കുടിപ്പള്ളിക്കൂടങ്ങളിലെ അംഗീകൃത നിലത്തെഴുത്താശാൻമാർക്ക് ഗ്രാമപഞ്ചായത്തുകൾ പ്രതിമാസ ഗ്രാന്റ് നൽകുന്നുണ്ട്.

(ബി) കുടിപ്പള്ളിക്കൂടങ്ങൽക്കു വേണ്ടി പ്രത്യേകംതുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിനായി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

വീടുകൾക്ക് നമ്പർ നൽകുന്നതിന് നടപടി

119 (4554) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും വീടുകൾക്ക് നമ്പർ ലഭിക്കാത്തതിന് താൽക്കാലിക നടപടികൾ സ്വീകരിക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടി എന്നുമുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർക്ക് എപ്പോൾ നിർദ്ദേശം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഫിഷറീസ് വകുപ്പ് ഇക്കാര്യത്തെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയില്ല. പക്ഷെ തദ്ദേശസ്വയംഭരണ വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നവർക്ക് താൽക്കാലിക വീട്ട് നമ്പർ ജോയിന്റ് വെരിഫിക്കേഷനിലൂടെ (റവന്യൂ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും) നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടി 30-9-2003-ന് ഉള്ളിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് മാത്രമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

അമ്യൂസ്മെന്റ് പാർക്കുകളെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി

120 (4555) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും വിനോദ നികുതി ഇനത്തിൽ കഴിഞ്ഞ മൂന്നുവർഷക്കാലം ഗവൺമെന്റിന്/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് എന്തു തുകവീതം ലഭിച്ചിട്ടുണ്ട് ;

(ബി) അമ്യൂസ്മെന്റ് പാർക്കുകളെ വിനോദനികുതിയിൽനിന്നും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ ;

LIBRARY ARCHIVES Kerala Legislative Assembly